"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - കോഴിക്കോട് ജില്ല - മണിയൂർ ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് ഐ.ടി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2023-24 വർഷത്തെ വാടക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

G.O.(Rt)No.2296/2024/LSGD തീയതി,തിരുവനന്തപുരം, 26-11-2024

---

പരാമർശം:-

1. 05.12.2019 തീയതിയിലെ സ.ഉ(സാധാ)2768/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. 11/07/2022 തീയതിയിലെ സ.ഉ.(സാധാ) നം.1646/2022/LSGD നമ്പർ ഉത്തരവ്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 30-09-2024 തീയതിയിലെ LSGD/PD/25451/2024-REV1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവ. ഐ ടി ഐ യുടെ 29.10.2015 മുതൽ 12.02.2019 വരെയുള്ള കെട്ടിട വാടക മണിയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കെട്ടിട വാടക 2022-23 സാമ്പത്തിക വർഷം വരെ നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മണിയൂർ ഐ.റ്റി.ഐ. യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും വാടക കെട്ടിടത്തിന്റെ 2023-24 ലെ വാടക കുടിശ്ശികയാണെന്നും ഈ സാഹചര്യത്തിൽ 2023-24 ലെ വാടക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിക്കുവാൻ അനുമതി നൽകണമെന്ന മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐടിഐ - യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി

12.02.2019 ൽ ഗ്രാമ പഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2024-25 വർഷം മുതലുള്ള വാടക വ്യവസായിക പരിശീലന വകുപ്പ് നൽകണമെന്ന നിബന്ധനയോടെ ഒരു തവണത്തേക്ക് കൂടി മാത്രമായി പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച പ്രകാരം പ്രതിമാസം 15776/- രൂപ നിരക്കിൽ 2023-24 ലെ വാടക കുടിശ്ശിക ഇനത്തിലുള്ള **1,89,312/-രൂപ (ഒരു ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം)** മണിയൂർ ഗ്രാമ പഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SELEENA A
DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ,എൽ. എസ്. ജി. ഡി., തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി,മണിയൂർ ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ , വ്യവസായിക പരിശീലന വകുപ്പ് , വികാസ് ഭവൻ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 26-11-2024 14:55:50

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.